**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **07-12-2022 - ൽ മറുപടിയ്ക്ക്**

**തണ്ടാൻ വിഭാഗത്തിലുള്ള തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിയിൽപെട്ട തണ്ടാൻ വിഭാഗത്തിലുള്ള തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാൽ എത്ര രൂപയാണ് നിലവിൽ ധനസഹായം നൽകുന്നത് എന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതിയിൽപെട്ട തണ്ടാൻ വിഭാഗത്തിലുള്ള തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാൽ വകുപ്പ് മുഖേന പ്രത്യേക ധനസഹായം നൽകുന്നില്ല. എന്നാൽ മരണപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനാണെങ്കിൽ പ്രസ്തുത കുടുംബത്തിനു പട്ടികജാതി വികസന വകുപ്പിൽ നിന്നും രണ്ട് ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. |
| (ബി) | തെങ്ങ്-മരം കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അപകടത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷവും കിടപ്പ രോഗിയായാൽ 5 ലക്ഷവും അംഗവൈകല്യം സംഭവിച്ചാൽ 3 ലക്ഷവും രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ